# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം



# സഭ പീഡനത്തെ നേരിടുന്നു


എഴുതിയത് : Edward Hughes
ഉദാഹരണം : Janie Forest
അംഗീകരിച്ചത് : Rev. Benny
തർജ്ജിമ ചെയുതത് : Ruth Klassen


കഥ 56-60 നിന്നും


**www.M1914.org**

***Bible for Children,*** *PO Box 3, Winnipeg, MB R3C 2G1 Canada*



കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.


മലയാളം

Malayalam

ദൈവത്തിന്റെ പുത്രനായ യേശു മരിച്ചവരിൽനിന്ന് ഉയിർത്ത് അൻപതു ദിവസം കഴിഞ്ഞപ്പോൾ പരിശുദ്ധാത്മാവ് അവന്റെ ശിഷ്യന്മാരിൽ വസിക്കുവാനായി വന്നു. പിതാവാം ദൈവവും പുത്രനാം ദൈവവും (യേശു) പരിശുദ്ധാത്മാവാം ദൈവവും എങ്ങനെ ഈ മൂവരും ചേർന്ന് ഒരു ദൈവമാകും എന്നത് ശിഷ്യന്മാർക്ക് മനസ്സിലായില്ല എന്നിരുന്നാലും ദൈവം തങ്ങളൊടൊപ്പം ഉള്ളതിനാൽ അവർ സന്തോഷമുള്ളവരായിരുന്നു.



1

മറ്റുള്ളവരോട് യേശുവിനെക്കുറിച്ച് സംസാരിക്കുവാൻ അപ്പൊസ്തലന്മാരെ സഹായിക്കുന്നതിനുവേണ്ടി ദൈവം അത്ഭുതകാര്യങ്ങൾ പ്രവർത്തിച്ചു.



2


യേശുവിൽ
വിശ്വസിച്ചവർ പാവപ്പെട്ടവരെ
സഹായിക്കുന്നതിനുവേണ്ടി
തങ്ങൾക്കുള്ളതെല്ലാം പങ്കുവെച്ചു.
എന്നാൽ അനന്യാസ്,
സഫീറ എന്ന ദമ്പതികൾ
സത്യസന്ധരായിരുന്നില്ല.
അവർ കുറച്ചു
നിലം വിറ്റു.
3


അതിൽനിന്ന് കുറെ പണം
രഹസ്യമായി തങ്ങൾക്കുവേണ്ടി
മാറ്റിവെച്ചിട്ട് ബാക്കി പണം
മൊത്തം തുകയാണെന്ന
വ്യാജേന അപ്പൊസ്തലന്മാരുടെ
മുമ്പിൽ കൊണ്ടുവന്നു.
4


“പരിശുദ്ധാത്മാവിനോട് വ്യാജം
കാണിക്കുവാൻ തക്കവണ്ണം
സാത്താൻ നിന്റെ ഹൃദയത്തെ
കവർന്നതെന്ത്?” പത്രൊസ്
അനന്യാസിനോട് ചോദിച്ചു. “നീ
മനുഷ്യരോടല്ല ദൈവത്തോടത്രേ
വ്യാജം കാണിച്ചത്.”
5


ഈ വാക്കു കേട്ടപ്പോൾ
അനന്യാസ് നിലത്തു വീണു
മരിച്ചു. യുവാക്കൾ അയാളുടെ
ശരീരം തുണിയിൽ പൊതിഞ്ഞു
പുറത്തു കൊണ്ടുപോയി
സംസ്കരിച്ചു.
6


കുറെ കഴിഞ്ഞപ്പോൾ, തന്റെ ഭർത്താവിന്റെ മരണവാർത്ത
അറിയാതെ സഫീറ അകത്തുവന്നു. അവളും പണത്തെക്കുറിച്ച്
കള്ളം പറഞ്ഞതിനാൽ അതേ വിധിതന്നെ അവൾക്കുണ്ടായി.
ഈ സംഭവം കേട്ട എല്ലാവർക്കും വലിയ ഭയം ഉണ്ടായി.
7


പരിശുദ്ധാത്മാവാം
ദൈവം
അപ്പൊസ്തലന്മാരിലൂടെ
അനവധി അത്ഭുതങ്ങളും
അടയാളങ്ങളും ചെയ്തു.
8

ഉദാഹരണത്തിന്
പത്രൊസിന്റെ
നിഴൽ
വീണപ്പോൾ
ജനങ്ങൾ
സൗഖ്യം
പ്രാപിച്ചു.



9

ദൈവത്തിന്റെ
സാന്നിധ്യം
കാണിക്കുന്ന
വലിയ
അത്ഭുതങ്ങളുടെ
സമയമായിരുന്നു
അത്. കൂടുതൽ
കൂടുതൽ ആളുകൾ
യേശുവിൽ വിശ്വസിച്ചു.



10

ഇത്
മഹാപുരോഹിതനെ
അത്യധികമായി
കോപിപ്പിച്ചു.
അദ്ദേഹം
അപ്പൊസ്തലന്മാരെ
ജയിലിൽ ഇടുവിച്ചു!



11



എന്നാൽ
രാത്രിയിൽ
കർത്താവിന്റെ
ദൂതൻ കാരാഗൃഹവാതിൽ
തുറന്ന് അവരെ പുറത്തുകൊണ്ടുവന്നു. ദൂതൻ അവരോട്:
''നിങ്ങൾ ദേവാലയത്തിൽ ചെന്ന് ഈ ജീവന്റെ വചനം
എല്ലാം ജനത്തെ അറിയിക്കുക'' എന്നു പറഞ്ഞു.

12



അപ്പൊസ്തലന്മാർ
പുറത്തുചെന്ന്
യേശുവിനെക്കുറിച്ച് പ്രസംഗിക്കുവാൻ തുടങ്ങി. രാവിലെ
മഹാപുരോഹിതന്റെ ആളുകൾ കാരാഗൃഹത്തിൽ
ചെന്നപ്പോൾ അവിടം ശൂന്യമായി കണ്ടു.

13

അവസാനം അവരെ കണ്ടുപിടിച്ചപ്പോൾ
മഹാപുരോഹിതൻ അവരെ ശകാരിച്ചു. ''ഈ നാമത്തിൽ
ഉപദേശിക്കരുതെന്ന് ഞങ്ങൾ നിങ്ങളോട് കർശനമായി
കല്പിച്ചിരുന്നതല്ലേ?'' ''ഞങ്ങൾ മനുഷ്യരെയല്ല
ദൈവത്തെയത്രെ അനുസരിക്കേണ്ടത്,'' പത്രൊസും
മറ്റ് അപ്പൊസ്തലന്മാരും
മറുപടി പറഞ്ഞു.



14

ഇതു കേട്ടപ്പോൾ മഹാപുരോഹിതൻ കോപാകുലനായി അവരെ കൊന്നുകളയുവാൻ ഭാവിച്ചു. എങ്കിലും അവരെ അടിപ്പിച്ചതിനു ശേഷം വിട്ടയച്ചു. അവരുടെ വേദന വകവെയ്ക്കാതെ അപ്പൊസ്തലന്മാർ ദൈവത്തെ അനുസരിക്കുകയും യേശുവിനെക്കുറിച്ച് മുടങ്ങാതെ പ്രസംഗിക്കുകയും ചെയ്തു.



15

സ്തെഫാനോസ് എന്നു പേരുള്ള ഒരു വ്യക്തിയെ ഒരുദിവസം അറസ്റ്റുചെയ്തു. സ്തെഫാനോസ് കർത്താവായ യേശുവിനെ സ്നേഹിച്ചിരുന്നു. യേശുവിനെക്കുറിച്ച് മറ്റുള്ളവരോട് പറയുവാൻ പരിശുദ്ധാത്മാവ് അവനെ ഉപയോഗിക്കുകയായിരുന്നു.



16

ദൈവത്തിന് എതിരായി സ്തെഫാനോസ് സംസാരിക്കുകയായിരുന്നുവെന്ന് ചിലർ കള്ളം പറഞ്ഞു. യേശുവിലുള്ള അവന്റെ വിശ്വാസം നിമിത്തം സ്തെഫാനോസിനെ ഒരു വ്യാജ വിചാരണയ്ക്കുശേഷം കല്ലെറിഞ്ഞു കൊന്നു.



17

സ്തെഫാനോസ് മരിക്കുംമുമ്പെ പരിശുദ്ധാത്മാവ് നിറഞ്ഞവനായി സ്വർഗത്തിലേക്ക് നോക്കി ദൈവതേജസ്സും ദൈവത്തിന്റെ വലത്തുഭാഗത്ത് യേശു നില്ക്കുന്നതും കണ്ടു.



18

ജനക്കൂട്ടം കല്ലെറിഞ്ഞുകൊണ്ടിരുന്നപ്പോൾ സ്തെഫാനോസ് പ്രാർത്ഥിച്ചു: “കർത്താവായ യേശുവേ, എന്റെ ആത്മാവിനെ കൈക്കൊള്ളേണമേ.”



19

എന്നിട്ട് യേശു ക്രൂശിന്മേൽ ചെയ്തതുപോലെ ഈ ധീരനായ മനുഷ്യൻ തന്റെ കൊലപാതകികളോട് ക്ഷമിക്കണമേ എന്നു പ്രാർത്ഥിച്ചുകൊണ്ട് അന്ത്യശ്വാസം വലിച്ചു.



20

സ്തെഫാനോസിന്റെ മരണത്തെത്തുടർന്ന് സഭയ്ക്കുനേരെ പുതുതായി വീണ്ടും പീഡനം തുടങ്ങി. സ്തെഫാനോസിന്റെ കൊലപാതകികളെ സഹായിച്ച യുവാവായിരുന്നു ശൗൽ. കണ്ടുകിട്ടിയ ക്രിസ്ത്യാനികളെയെല്ലാം അയാൾ അറസ്റ്റുചെയ്തു.



21

അവരിൽ അനവധിയാളുകൾ തങ്ങളുടെ വീടുവിട്ട് യഹൂദ്യയുടെയും ശമര്യയുടെയും പ്രദേശങ്ങളിലേക്ക് ഓടിപ്പോയി. അപ്പൊസ്തലന്മാർ മാത്രം യെരൂശലേമിൽ താമസിച്ചു.



22

അവരുടെ ശത്രുക്കൾ അവരെ കൊല്ലുവാൻ ശ്രമിച്ചുവെങ്കിലും ചിതറിപ്പോയവർ ചെന്ന സ്ഥലങ്ങളിലെല്ലാം യേശുവിന്റെ സുവിശേഷം പ്രസംഗിച്ചു.



23

യേശുവിന്റെ പിൻഗാമികളെ ഒന്നിനും തടയാനായില്ല, എന്തുകൊണ്ടെന്നാൽ പരിശുദ്ധാത്മാവ് അവരിൽ വസിച്ചുകൊണ്ട് അവരിലൂടെ പ്രവർത്തിക്കുകയായിരുന്നു.



24

സഭ പീഡനത്തെ നേരിടുന്നു

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

അപ്പൊസ്തല പ്രവൃത്തികൾ 5-7

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

നാം തെറ്റുകരെന്നു ദൈവം അറിയുന്നു അതിന് പാപംമെന്നു പറയുന്നു.
പാപത്തിനുള്ള ശിക്ഷയാണ് മരണം.

ദൈവം നമ്മെ സ്നേഹിച്ചു അതിനാൽ തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങളുടെ പരിഹാരത്തിനായി ക്രൂശിൽ മരിക്കണ്ടതിനു ഈ ലോകത്തിലേക്ക് വന്നു യേശു മരിച്ച് ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്ക് പോയി. ദൈവത്തിനു നമ്മുടെ പാപങ്ങളെ ക്ഷമിപ്പാൻ കഴിയും.

നമ്മുടെ പാപങ്ങള്ളിൽ നിന്ന് വിടുതൽ ആവശ്യമെങ്കിൽ ദൈവത്തോട് ഇപ്രകാരം പറയുക. പ്രിയ ദൈവമേ യേശുവേ എനിക്ക് വേണ്ടി മരിച്ചു ഇപ്പോൾ ജീവിക്കുന്നു എന്ന് ഞാൻ
വിശ്വസിക്കുന്നു. എന്റെ ഹൃദയത്തിലേക്ക് വന്ന് എന്റെ പാപങ്ങളെ ക്ഷമിക്കേണം. എനിക്ക് പുതിയൊരു ജീവിതം നൽകേണമേ നിരന്തരം നിന്നോട് അടുത്ത് ജീവിക്കുവാനും നിന്റെ മകനായി ജീവിക്കുവാൻ സഹായിക്കേണമേ. ആമേൻ
യോഹന്നാൻ 3:16

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.